സമർപ്പിച്ച മെമ്മോറാണ്ടത്തിൻമേൽ ഗവൺമെൻറ് ഇതിനകം എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

(ബി) മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) സംസ്ഥാനത്തെ കൺസ്ട്രക്ഷൻ തൊഴിലാളികൾക്കു ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്.

(ബി) കൺസ്ട്രക്ഷൻ തൊഴിലാളികൾക്കു ഒരു ക്ഷേമനിധി ഏർപ്പെടുത്തുക എന്നതാണ് പ്രധാനപ്പെട്ട ആവശ്യം.

നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണ നിയമം വേണമെന്ന ആവശ്യം

321. [399] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കെട്ടിട നിർമ്മാണം റോഡ്, പാലം, അണക്കെട്ടുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഒരു സംരക്ഷണ നിയമം വേണമെന്ന തൊഴിലാളി സംഘടനകളുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്നതിനുള്ള കരട് നിയമം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ബാർബർ തൊഴിലാളികളുടെ ആവശ്യങ്ങൾ

321. (എ) [401] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ബാർബർ തൊഴിലാളികളുടെ അസോസിയേഷൻ മെമ്മോറാണ്ടം സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാം ; അവ നടപ്പിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ഷേമനിധി രൂപീകരിക്കുക എന്നതാണ് പ്രധാന ആവശ്യം. ഇതിനു വേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

തൊഴിൽ സമരംമൂലം പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ

322. [402] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തൊഴിൽ സമരം മൂലം കോഴിക്കോട് ജില്ലയിലെ എത്ര വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ പൂട്ടി കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) അവ ഏതൊക്കെയാണ് ?

ഉത്തരം

(എ) രണ്ട് (സമരം 1
ലോക്കൗട്ട് 1)

(ബി) 1. ഗ്വാളിയർ റയോൺസ് പൾപ്പ് ആൻറ് സ്പെഷ്യൽ ഫൈബർ ഡിവിഷൻ, കോഴിക്കോട് (7-7-1985 മുതൽ സമരം)

2. കുന്നത്തറ ടെക്സ്റ്റയിൽസ് ലിമിറ്റഡ്, കോഴിക്കോട് (സമരം മൂലം ലോക്കൗട്ട് 21-4-1986 മുതൽ)

"കശുവണ്ടി തൊഴിലാളികൾക്കുള്ള തൊഴിൽ ദിനങ്ങൾ"

323. [404] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. എം. കെ. കേശവൻ :
,, പി. കുമാരൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികൾക്കു 1982-83, 1983-84, 1984-85 എന്നീ ഓരോ വർഷങ്ങളിലേയും തൊഴിൽ ദിനങ്ങൾ എത്രവീതമായിരുന്നു എന്നു വ്യക്തമാക്കുമോ ;

(ബി) തോട്ടണ്ടിയുടെ അഭാവത്താലും മറ്റും കശുവണ്ടി വ്യവസായത്തിൽ ഉണ്ടായിട്ടുള്ള സ്തംഭനത്തെ തുടർന്നു തൊഴിൽ രഹിതരായിട്ടുള്ളവർ എത്ര ;

(സി) ഇതിൻ സ്ത്രീ തൊഴിലാളികൾ എത്ര ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.
(ബി) 14476
(സി) 13312.

കരാറുകൾ പാലിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ

324. [406] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെയുള്ള കാലയളവിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതിലെങ്കിലും തൊഴിലാളികളെ ബാധിക്കുന്ന കരാറുകളോ, കീഴ്വഴക്കങ്ങളോ പാലിക്കപ്പെടാത്തതായി എന്തെങ്കിലും ആക്ഷേപം ഈ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly